**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 523** **28-06-2022 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ നടപ്പാക്കിയ ആംനസ്റ്റി സ്കീമുകൾക്ക് ലക്ഷ്യപ്രാപ്തിയിൽ എത്താൻ സാധിച്ചിട്ടുണ്ടോ; ഓരോ വർഷവും പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുകയും പിരിച്ചെടുത്ത തുകയും എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ജി.എസ്.ടി.-ക്ക് മുൻപ് ഉള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനായി 2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും തുടർന്നിട്ടുണ്ടായിരുന്നു. ഇത് ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ട്. ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടപ്പോൾ പ്രതീക്ഷിച്ച മുഴുവൻ നികുതി കുടിശ്ശികയും ഈ പദ്ധതി വഴി തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കോവിഡ് മഹാമാരിയും, കുടിശ്ശിക കേസുകളിൽ വലിയ അളവിൽ അപ്പീൽ ഫയൽ ചെയ്യപ്പെട്ടതും കാരണം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ആംനസ്റ്റി സ്കീമുകൾ ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. എന്നിരുന്നാലും ചെറിയ നികുതി കുടിശ്ശിക തുകകൾ വലിയ അളവിൽ തീർപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി വഴി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുകയും പിരിച്ചെടുത്ത തുകയും സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.<br><br>മോട്ടോർ വാഹന വകുപ്പിൽ 01.04.2020 മുതൽ 31.03.2022വരെയുള്ള കാലയളവിൽ ഒറ്റത്തവണ നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രകാരം 24813 വാഹനങ്ങളിൽ നിന്ന് 10,51,21,798/- രൂപ നികുതി കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടിയിട്ടുള്ളതും ആംനസ്റ്റി പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തു നികുതിയുടെ പിഴ പലിശ സർക്കാർ ഒഴിവാക്കി നൽകുക വഴി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. അപ്രകാരം പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുകയുടെയും പിരിച്ചെടുത്ത തുകയുടെയും വിശദാംശം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ബി) | ആംനസ്റ്റി സ്കീമുകൾ ലക്ഷ്യം കൈവരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ജി.എസ്.ടി.-ക്ക് മുൻപ് ഉള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനായി 2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും തുടർന്നിട്ടുണ്ടായിരുന്നു. ഇത് ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ട്. ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടപ്പോൾ പ്രതീക്ഷിച്ച മുഴുവൻ നികുതി കുടിശ്ശികയും ഈ പദ്ധതി വഴി തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കോവിഡ് മഹാമാരിയും, കുടിശ്ശിക കേസുകളിൽ വലിയ അളവിൽ അപ്പീൽ ഫയൽ ചെയ്യപ്പെട്ടതും കാരണം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ആംനസ്റ്റി സ്കീമുകൾ ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. എന്നിരുന്നാലും ചെറിയ നികുതി കുടിശ്ശിക തുകകൾ വലിയ അളവിൽ തീർപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി വഴി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുകയും പിരിച്ചെടുത്ത തുകയും സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.<br><br>മോട്ടോർ വാഹന വകുപ്പിൽ 01.04.2020 മുതൽ 31.03.2022വരെയുള്ള കാലയളവിൽ ഒറ്റത്തവണ നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രകാരം 24813 വാഹനങ്ങളിൽ നിന്ന് 10,51,21,798/- രൂപ നികുതി കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടിയിട്ടുള്ളതും ആംനസ്റ്റി പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുള്ളതുമാണ്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തു നികുതിയുടെ പിഴ പലിശ സർക്കാർ ഒഴിവാക്കി നൽകുക വഴി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. അപ്രകാരം പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുകയുടെയും പിരിച്ചെടുത്ത തുകയുടെയും വിശദാംശം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (സി) | കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ | (സി) | കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ |

| | | | |
|---|---|---|---|
| | സംസ്ഥാനം ലക്ഷ്യമിട്ട നികുതി വരുമാനവും പിരിച്ചെടുക്കാൻ സാധിച്ച നികുതി വരുമാനവും എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; നികുതി പിരിവിലെ ലക്ഷ്യം നേടുന്നതിൽ വിജയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | | സംസ്ഥാനം ലക്ഷ്യമിട്ട നികുതി വരുമാനവും പിരിച്ചെടുക്കാൻ സാധിച്ച നികുതി വരുമാനവും അനുബന്ധമായി (അനുബന്ധം- 2) ചേർക്കുന്നു.<br><br>കോവിഡ് ലോക്ക് ഡൗൺ സാഹചര്യങ്ങളും തുടർന്നുണ്ടായ സാമ്പത്തിക മാന്ദ്യവും മൂലം 2019-20, 2020-21വർഷങ്ങളിൽ ജി.എസ്.ടി. വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ടായിരുന്നു. കോവിഡ് ലോക്ക് ഡൗൺ നിബന്ധനകൾ മാറിയ സാഹചര്യത്തിൽ ജി.എസ്.ടി. വരുമാനത്തിൽ ഈ വർഷം വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>ലാൻഡ് റവന്യൂ വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷത്തെയും നികുതി പിരിവ് പരിശോധിച്ചതിൽ ഓരോ വർഷവും നികുതി ഇനത്തിൽ വർദ്ധനവ് വന്നിട്ടുള്ളതിനാൽ ലാൻഡ് റവന്യൂ നികുതി ഇനത്തിൽ നികുതി നഷ്ടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ലാൻഡ് റവന്യൂ ഇനങ്ങളിൽ വിവിധ സ്റ്റേയിൽ ഉൾപ്പെട്ട് യഥാസമയം കുടിശ്ശിക പിരിക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. കൂടാതെ ഇലക്ഷൻ, പ്രളയം. കോവിഡ് തുടങ്ങിയവയിൽ റവന്യൂ വകുപ്പ് ജീവനക്കാർ ഏർപ്പെട്ടിരുന്നത് മൂലവും നികുതി പിരിവ് ലക്ഷ്യമിട്ടിരുന്ന തുക പിരിച്ചെടുക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്.<br><br>ഗതാഗത വകുപ്പിൽ 2017-18 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. 2021-22-ൽ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.<br><br>ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ നികുതിപിരിവിലെ ലക്ഷ്യം നേടുന്നതിൽ ഭൂരിഭാഗം പഞ്ചായത്തുകളും വിജയിച്ചിട്ടുണ്ട്. |
| (ഡി) | നികുതി പിരിവ് കാര്യക്ഷമമായി നടപ്പാക്കാതെ സർക്കാർ കടമെടുത്ത് പ്രവർത്തിക്കുന്നുവെന്നും ആയത് സംസ്ഥാനത്തെ ധനകാര്യ പ്രതിസന്ധിയിലേക്ക് നയിച്ചിരിക്കുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിൽ വാസ്തവമുണ്ടോ ;എങ്കിൽ ഇതുസംബന്ധിച്ച് എന്ത് തിരുത്തൽ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

ഗ്രാമപഞ്ചായത്തുകളിൽ പിരിച്ചെടുത്ത നികുതി കുടിശ്ശിക

(തുക കോടിയിൽ)

| വർഷം | പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുക | പിരിച്ചെടുത്ത തുക |
|---|---|---|
| 2017-18 | 661.56 | 533.94 |
| 2018-19 | 530 | 447.75 |
| 2019-20 | 532.62 | 436.47 |
| 2020-21 | 564.22 | 446.38 |
| 2021-22 | 619.13 | 507.04 |

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനം ലക്ഷ്യമിട്ട നികുതി വരുമാനവും പിരിച്ചെടുക്കാൻ സാധിച്ച നികുതി വരുമാനവും

| സാമ്പത്തിക വർഷം | 2016-2017 | 2017-2018 | 2018-2019 | 2019-2020 | 2020-2021 | 2021-2022* |
|---|---|---|---|---|---|---|
| | (തുക കോടിയിൽ) | | | | | |
| സംസ്ഥാനത്തിന്റെ തനതു നികുതിയിനത്തിൽ പ്രതീക്ഷിച്ച തുക | 47613.61 | 53411.49 | 58588.44 | 65784.6 | 67420.01 | 71833.28 |
| സംസ്ഥാനത്തിന്റെ തനതു നികുതിയിനത്തിൽ വിഭവസമാഹരണം ഉൾപ്പെടെ ലഭ്യമായ തുക | 42176.38 | 46459.61 | 50644.1 | 50323.14 | 47660.84 | 58340.49 |
| *അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം | | | | | | |

**സെക്ഷൻ ഓഫീസർ**